<u>**15 -ാം കേരള നിയമസഭ**</u>

<u>**16 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1512**</u> <u>**03-02-2026 - ൽ മറുപടിയ്ക്ക്**</u>

<u>**ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള പെൻഷൻ കുടിശിക**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള പെൻഷൻ വിതരണത്തിൽ നിലവിൽ എത്ര മാസത്തെ കുടിശികയുണ്ടെന്ന് വ്യക്തമാക്കുമോ; ഓരോ ബോർഡിലും കുടിശിക തുക പൂർണ്ണമായും എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) | **സംസ്ഥാനത്ത്** തൊഴിൽ വകുപ്പിന്റെ കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ച് വരുന്നുണ്ട്.<br><br>തനതു ഫണ്ടിൽ നിന്നും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന ബോർഡുകളായ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധിബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ,കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ബോർഡ് (സ്കാറ്റേർഡ് വിഭാഗം ഒഴികെ) എന്നീ ബോർഡുകൾ കുടിശ്ശികയില്ലാതെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എല്ലാം തന്നെ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ പെൻഷൻ പദ്ധതി നിലവിലില്ല.<br><br>കേരള കെട്ടിടനിർമ്മാണതൊഴിലാളി ക്ഷേമനിധി ബോർഡിൽ മാത്രമാണ് 2024 ഒക്ടോബർ മുതലുള്ള 15 മാസത്തെ പെൻഷൻ കുടിശ്ശികയുള്ളത്. ബോർഡ് നിലവിൽ സാമ്പത്തിക പ്രതിസന്ധിയിലാണ്. സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്ന മുറയ്ക്ക് സമയബന്ധിതമായി പെൻഷൻ വിതരണം ചെയ്യുന്നതാണ്.<br><br>സർക്കാർ സഹായത്തോടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ് വിഭാഗം) കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള ആഭരണ |

| | | | |
|---|---|---|---|
| | | | തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ പെൻഷൻ ഡിസംബർ 2025 വരെ കുടിശ്ശികയില്ലാതെ വിതരണം ചെയ്തിട്ടുണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ നൽകിവരുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് കർഷക തൊഴിലാളി പെൻഷന്റെ നടത്തിപ്പും വിതരണവും ചെയ്യുന്നത്.<br><br>കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ബാങ്ക് അക്കൗണ്ട് തകരാറുകൾ മൂലവും മസ്റ്ററിംഗ് ചെയ്യുന്നതിലുള്ള കാലതാമസം മൂലവും പെൻഷൻ കുടിശ്ശികയായവരുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകൾ നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; ഓരോ ആനുകൂല്യങ്ങളിലും നിലവിൽ എന്ത് തുക കുടിശിക യുണ്ട്; വിശദാംശം ബോർഡ് തിരിച്ച് വ്യക്തമാക്കുമോ? | (ബി) | ബോർഡുകളിൽ നിന്നും വിതരണം ചെയ്യുന്ന ആനുകൂല്യങ്ങളുടെയും കുടിശ്ശികയുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

### ധനസഹായം

എക്സ് ഗ്രേഷ്യ,. മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, മാരകരോഗ ചികിത്സാ ധനസഹായം, സ്കോളർഷിപ്പ് – വിദ്യാഭ്യാസം , സ്കോളർഷിപ്പ് – കലാ –കായിക –ശാസ്ത്രം

### അഡ്വാൻസുകൾ

അംഗത്തിന്റെ മകളുടെ വിവാഹത്തിനുള്ള അഡ്വാൻസ്, രോഗ ചികിത്സയ്ക്കുള്ള അഡ്വാൻസ്,വിദ്യാഭ്യാസത്തിനുള്ള അഡ്വാൻസ്, വീട് വാങ്ങുന്നതിനോ പണിയുന്നതിനോ / പുതുക്കി പണിയുന്നതിനോ / സ്ഥലം വാങ്ങുന്നതിനോ ഉള്ള അഡ്വാൻസ്

### വിരമിക്കൽ ആനുകൂല്യങ്ങൾ

പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, പെൻഷൻ, കുടുംബ പെൻഷൻ

ആനുകൂല്യ കുടിശ്ശിക ഇല്ല.

## 2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ക്ഷേമപദ്ധതികളായ അധിവർഷാനുകൂല്യം, മരണാനന്തര അധിവർഷാനുകൂല്യം, മാരകരോഗ അധിവർഷം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര സഹായം വിദ്യാഭ്യാസ ധനസഹായം, ഉന്നതവിദ്യാഭ്യാസ ധനസഹായം എന്നീ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്.

നിലവിൽ ബോർഡിൽ കുടിശ്ശികയായിട്ടുള്ള ആനുകൂല്യങ്ങളിൽ വിതരണം ചെയ്യാൻ ആവശ്യമായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ആനുകൂല്യങ്ങൾ | തീർപ്പാക്കാൻ അവശേഷിക്കുന്ന തുക |
|---|---|
| അധിവർഷാനുകൂല്യം | 4,91,90,78,125 |
| വിവാഹധനസഹായം | 2,21,20,000 |
| പ്രസവധനസഹായം | 8,81,40,000 |

അധിവർഷാനുകൂല്യമിനത്തിലാണ് കുടിശ്ശിക നിലനിൽക്കുന്നത്. സർക്കാരിൽ നിന്നും ബജറ്റിൽ വകയിരുത്തി തുക ലഭ്യമാകുന്ന മുറയ്ക്കാണ് അധിവർഷാനുകൂല്യം നൽകിവരുന്നത്. ഇത്തരത്തിൽ 2018 മാർച്ച് വരെയുള്ള അധിവർഷാനുകൂല്യ അപേക്ഷകൾക്ക് ആനുകൂല്യം വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. മറ്റ് ക്ഷേമാനുകൂല്യങ്ങളായ വിവാഹധനസഹായം. പ്രസവധനസഹായം, മാരകരോഗ അധിവർഷം, മരണാനന്തര അധിവർഷം, എന്നിവയുടെ വിതരണം ഒരു പരിധി വരെ കാലികമാക്കുന്നതിനും മരണാനന്തര സഹായം, ചികിത്സാ

ധനസഹായം, വിദ്യാഭ്യാസ അവാർഡ്, എന്നിവ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് തന്നെ വിതരണം ചെയ്യുന്നതിനും ബോർഡിനു സാധിച്ചിട്ടുണ്ട്.

**3. <u>കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവാഹധനസഹായം, സ്കോളർഷിപ്പ്, മരണാനന്തര സഹായം, ചികിത്സാ ധനസഹായം, ഉന്നത വിദ്യാഭ്യാസ ധനസഹായം, സാമ്പത്തിക താങ്ങൽ - 2025-26 സാമ്പത്തിക വർഷത്തെ മുഴുവൻ അപേക്ഷകൾ പരിശോധിച്ചുകൊണ്ടിരിക്കുന്നു.

പ്രസവ ധനസഹായ ഇനത്തിൽ കുടിശ്ശികയുണ്ട്. (പ്രസവധനസഹായ ഇനത്തിൽ 2022 ജനുവരി മുതൽ അപേക്ഷകൾ കുടിശ്ശികയുണ്ട്. സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്ത് തുക ലഭിക്കുന്ന മുറയ്ക്കാണ് പ്രസവധനസഹായം വിതരണം ചെയ്യുന്നത്. നിലവിൽ 2025-26 വരെ 4,95,08,000/- രൂപ സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്ത് ലഭിക്കുവാനുണ്ട്. (3,611 അപേക്ഷകൾ കുടിശ്ശികയുണ്ട്.)

**4. <u>കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

പെൻഷൻ, വിവാഹധനസഹായം, പ്രസവാനുകൂല്യം, മരണാനന്തരസഹായം ചികിത്സാധനസഹായം, ഇൻകം സപ്പോർട്ട് സ്കീം എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു . മറ്റ് ആനുകൂല്യങ്ങൾ ഒന്നുംതന്നെ കുടിശ്ശികയില്ല.

**5. <u>കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്</u>**

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ വിവാഹ ധനസഹായം, പ്രസവ ധനസഹായം, മാരക രോഗ ചികിത്സാധനസഹായം, സാധാരണ രോഗ ചികിൽസാ ധനസഹായം, അപകട ചികിത്സാധന സഹായം, എസ്.എസ്.എൽ.സി പഠന സഹായം, ക്യാഷ് അവാർഡ്, ഉന്നത വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം, മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ധനസഹായം, മരണാനന്തര ധനസഹായം, റീഫണ്ട്, അപകട മരണ ധനസഹായം, പെൻഷൻ ഫ്യൂണറൽ, ഫ്യൂണറൽ, കണ്ണ് ഓപ്പറേഷൻ, ചിക്കൻപോക്സ്, പേപ്പട്ടി വിഷബാധ, പാമ്പുകടി എന്നിവയ്ക്കുള്ള ചികിത്സാ ധനസഹായം, മരങ്ങൾ, കുറ്റിച്ചെടികൾ, മറ്റ് തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനിടയിൽ ഹൃദയാഘാതം മൂലമോ, കുഴഞ്ഞു വീണോ, ജോലി സ്ഥലത്ത് മരണപ്പെടുന്ന അംഗത്തിന്റെ മരണം ജോലി സ്ഥലത്തെ മരണമായി കണക്കാക്കി അപകടത്തെ തുടർന്ന് അവശത സംഭവിച്ചാലുള്ള ധനസഹായം എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു.

**നിലവിലെ ആനുകൂല്യ കുടിശ്ശിക തുക ചുവടെ ചേർക്കുന്നു.**

| | |
|---|---|
| വിവാഹ ധനസഹായം | 10,67,90,000/- |
| പ്രസവാനുകൂല്യം | 53,10,000/- |
| എസ്.എസ്.എൽ.സി പഠനസഹായം | 26,15,000/- |
| എസ്.എസ്.എൽ.സി ക്യാഷ് അവാർഡ് | 8,52,000/- |
| സ്കോളർഷിപ്പ് | 88,13,400/- |
| എൻട്രൻസ് കോച്ചിംഗ് ധനസഹായം | 15,000/- |
| ചികിത്സാ സഹായം | 14,78,150/- |
| മാരകമായ രോഗങ്ങൾക്കുള്ള ചികിത്സാ സഹായം | 2,01,26,792/- |
| അപകട ചികിത്സാ സഹായം | 66,45,950/- |
| മരണാനന്തര സഹായം | 5,18,63,984/- |
| അപകട മരണം സംഭവിച്ചാലുള്ള സഹായം | 80,38,602/- |
| റീഫണ്ട് | 101,87,645/- |
| പെൻഷൻ ഫ്യൂണറൽ | 73,11,000/- |
| ഫ്യൂണറൽ | 45,88,000/- |

6. **കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്**

**സ്കോളർഷിപ്പ്**

പ്ലസ് വൺ, ഡിഗ്രി/തത്തുല്യം, പി.ജി/തത്തുല്യം, പ്രൊഫഷണൽ കോഴ്സ്, പി.എച്ച്.ഡി

**ക്യാഷ് അവാർഡ്**

10–ാം ക്ലാസ് – ഒന്നാം സ്ഥാനം (10 എ+), 10–ാം ക്ലാസ് – രണ്ടാം സ്ഥാനം (9 എ+, 1 എ), പ്ലസ് വൺ (ഒന്നാം സ്ഥാനം – 6 എ+) ഡിഗ്രി/തത്തുല്യം, പി.ജി/തത്തുല്യം/പ്രൊഫഷണൽ കോഴ്സ്, വിവാഹധനസഹായം, പ്രസവാനുകൂല്യം, ചികിത്സാധനസഹായം, പെൻഷൻ, ശവസംസ്കാര സാമ്പത്തിക സഹായം, പ്രകൃതിദുരന്ത ധനസഹായം, കണ്ണട അലവൻസ് എന്നിവയാണ് ടി ബോർഡിൽ നിന്നും വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ.

അവശത പെൻഷൻ 2022 ഒക്ടോബർ മുതൽ 2023 ജനുവരി മാസം വരെയും 2025 ഓഗസ്റ്റ് മാസം മുതൽ 2026 ജനുവരി മാസം വരെയും കുടിശ്ശികയാണ്. മറ്റ് ആനുകൂല്യങ്ങൾ ഒന്നുംതന്നെ കുടിശ്ശികയില്ല.

## 7. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് അനുവദിക്കുന്ന ആനുകൂല്യങ്ങൾ താഴെ കൊടുക്കുന്നു.

പെൻഷൻ, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ്, എസ്.എസ്.എൽ.സി – ഉന്നത വിജയികൾക്ക് സ്വർണ്ണമെഡൽ, എക്സ്ഗ്രേഷ്യാ ധനസഹായം, ആശ്രിത ധനസഹായം, അംശദായം തിരിച്ച് നൽകൽ

ബോർഡിൽ നിന്നുളള ആനുകൂല്യങ്ങളൊന്നും കുടിശ്ശിക ഇല്ല.

## 8. കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്

അൺഅറ്റാച്ച്ഡ് വിഭാഗത്തിൽ വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ – തൊഴിലാളികളുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, തൊഴിലാളികളുടെ പ്രത്യേക ചികിത്സ, അതീവ ഗുരുതരവും ദീർഘകാലം ചികിത്സ ആവശ്യവുമായ രോഗങ്ങൾക്ക്, ആശ്രിതരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, ആശ്രിതരുടെ പ്രത്യേക ചികിത്സ, ചികിത്സ അടിയന്തിര വായ്പ, കിടത്തി ചികിത്സയുണ്ടെങ്കിൽ, അടിയന്തിര ചികിത്സ വായ്പ പ്രത്യേകം, ചികിത്സ ദുരിതാശ്വാസ സഹായ പ്ലാൻ, മരണാനന്തര ദുരിതാശ്വാസ സഹായം ആശ്രിതർ, പ്രസവാനുകൂല്യം, വിവാഹ ധനസഹായ പ്ലാൻ, പലിശ രഹിത വായ്പ, പലിശയോട് കൂടിയ വായ്പ, കലാമിറ്റി റിലീഫ്, സൂപ്പറാനുവേഷൻ അസിസ്റ്റൻസ്, ഡെത്ത് എക്സ്ഗ്രേഷ്യ, സ്പെഷ്യൽ ഡെത്ത് എക്സ്ഗ്രേഷ്യ, ഫാമിലി പ്ലാനിംഗ് അസിസ്റ്റൻസ്, മരണാനന്തര ആശ്വാസ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, അവാർഡ് ഓഫ് സ്കോളർഷിപ്പ്, വിദ്യാഭ്യാസ വായ്പ, സ്കൂൾ കിറ്റ്, SSLC, +2 ഫുൾ A+ നേടിയ കുട്ടികൾക്ക് പാരിതോഷികം, വിവിധോദ്ദേശ വായ്പ, ഭവന വായ്പ, സൂപ്പറാനുവേഷൻ പെൻഷൻ, ഇൻവാലിഡ് പെൻഷൻ, കുടുംബ പെൻഷൻ, മരണാനന്തര നഷ്ടപരിഹാരം, അവശത നഷ്ട പരിഹാരം.

### സ്കാറ്റേർഡ് വിഭാഗം

| ക്രമ നം. | ആനുകൂല്യങ്ങൾ | തുക |
|---|---|---|
| 1 | മരണാനന്തര ധനസഹായം | 60,000/-രൂപ |
| 2 | ശാരീരികഅവശത ധനസഹായം | 15,000/-രൂപ |
| 3 | ചികിത്സ ധനസഹായം | 2000/-രൂപ പ്രതിവർഷം |
| 4 | ആശ്രിതമരണാനന്തര ധനസഹായം | 1000/-രൂപ |

| | | |
|---|---|---|
| 5 | വിദ്യാഭ്യാസ ധനസഹായം | S.S.LC-400/-, +2- 600/- ഡിഗ്രി -800/- പ്രൊഫഷണൽ കോഴ്സുകൾ പ്രതിവർഷം 2000/-രൂപ |
| 6 | വിവാഹധനസഹായം (പെൺകുട്ടികളുടെ വിവാഹത്തിന് ) | 3000/-രൂപ |
| 7 | പെൻഷൻ | 2000/- രൂപ (2025 നവംബർ മാസം മുതൽ ) |

**<u>അറ്റാച്ച്ഡ് വിഭാഗം</u>**

| ക്രമ നം. | ആനുകൂല്യങ്ങൾ | |
|---|---|---|
| 1 | മരണാനന്തര ധനസഹായം | 10,000/-രൂപ |
| 2 | ശാരീരിക അവശത ധനസഹായം | 5,000/-രൂപ |
| 3 | ചികിത്സ ധനസഹായം | 1000/-രൂപ പ്രതിവർഷം |
| 4 | മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം | 500/-രൂപ |
| 5 | വിദ്യാഭ്യാസ ധനസഹായം | S.S.LC-100/-, +2- 200/- ഡിഗ്രി -300/- പ്രൊഫഷണൽ കോഴ്സുകൾ പ്രതിവർഷം 1000/-രൂപ |
| 6 | വിവാഹധനസഹായം (പെൺകുട്ടികളുടെ വിവാഹത്തിന് ) | 1000/-രൂപ |
| 7 | കുടുംബ പെൻഷൻ | 60/- രൂപ (7 വർഷത്തേയ്ക്ക്) |

## 9. <u>കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

കേരള ആഭരണ തൊഴിലാളിക്ഷേമനിധി ബോർഡിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാധനസഹായം, മരണാനന്തര ധനസഹായം എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു.

വിതരണം ചെയ്യാനുള്ള ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വിദ്യാഭ്യാസാനുകൂല്യം | 3250/- രൂപ |
| വിവാഹധനസഹായം | 87,000/- രൂപ |
| പ്രസവാനുകൂല്യം | 3,45,000/- രൂപ |
| ചികിത്സാധനസഹായം | 37,399/- രൂപ |
| മരണാനന്തര ധനസഹായം | 83,000/- |

## 10. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസ ഗ്രാൻറ്, എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്, ഉന്നതവിദ്യാഭ്യാസ ഗ്രാൻറ്, ഐ.ടി.ഐ പരിശീലന പദ്ധതി, സിവിൽ സർവ്വീസ് പരിശീലന പദ്ധതി, മെഡിക്കൽ/എഞ്ചിനീയറിംഗ് പരിശീലന പദ്ധതി, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, കമ്പ്യൂട്ടർ കോഴ്സ് പരിശീലനപദ്ധതി, ഗ്രന്ഥശാലകൾക്കുള്ള സാമ്പത്തിക സഹായം, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ധനസഹായം, ജോലിയിലിരിക്കെ അംഗവൈകല്യം സംഭവിച്ച തൊഴിലാളികൾക്ക് സാമ്പത്തിക സഹായം, ചികിത്സാ സഹായ പദ്ധതി, അപകടമരണ ധനസഹായം, അടിയന്തര ആശ്വാസമായി മരണാനന്തര സഹായ പദ്ധതി, മരണാനന്തര ചെലവിന് ധനസഹായം, ടൂർ സബ്സിഡി എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു.

കുടിശ്ശികയുള്ള വിദ്യാഭ്യാസ ആനുകൂല്യം 2026 മാർച്ചിനകം തീർപ്പാക്കുന്നതാണ്.

## 11. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

പെൻഷൻ, അവശതാ പെൻഷൻ, സ്വയംവിരമിക്കൽ പെൻഷൻ അപകട മരണാനന്തര ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, അപകട ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, സ്കോളർഷിപ്പ്, ശവസംസ്കാര ചടങ്ങിനുള്ള ധനസഹായം, കുടുംബ പെൻഷൻ, ഏത് അസുഖത്തിനും 72 മണിക്കൂർ എങ്കിലും ആശുപത്രിയിൽ കിടത്തി ചികിത്സിക്കപ്പെടുന്നവർക്കുള്ള ധനസഹായം (മരുന്ന് ചെലവ് മാത്രം), പ്രസവധനസഹായം, സ്പെഷ്യൽ റിവാർഡ്, സർക്കാർ അംഗീകാരത്തിന് വിധേയമായി തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്, സൗജന്യ പഠനോപകരണ കിറ്റ് എന്നിവയും നൽകി വരുന്നു.

ആനുകൂല്യ കുടിശ്ശിക ഇല്ല

**12. <u>കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ, വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, അംഗത്തിന്റെ/കുടുംബാംഗങ്ങളുടെ ചികിൽസാ സഹായം, മരണാനന്തരചെലവ്, മരണാനന്തര സഹായം, ക്യാഷ് അവാർഡ്, വിദ്യാഭ്യാസാനുകൂല്യം, അംശദായം തിരികെ നൽകൽ എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു. ആനുകൂല്യങ്ങൾ നൽകുന്നതിൽ കുടിശ്ശികയൊന്നുമില്ല.

**13. <u>കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ, ചികിത്സാധനസഹായം, വിദ്യാഭ്യാസ ധനസഹായം, വിവാഹധനസഹായം, മരണാനന്തര എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു.

നിലവിൽ ആനുകൂല്യങ്ങൾ ഒന്നും കുടിശ്ശികയില്ല.

**14. <u>കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവാഹധനസഹായം, പ്രസവധനസഹായം, ചികിത്സാധനസഹായം, മരണാനന്തര ശവസംസ്കാര ധനസഹായം, സ്കോളർഷിപ്പ്, ക്യാഷ് അവാർഡ്, റിട്ടയർമെന്റ് ബെനിഫിറ്റ്, അവശത പെൻഷൻ, കുടുംബ പെൻഷൻ എന്നി ആനുകൂല്യങ്ങൾ നൽകിവരുന്നു. ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന എല്ലാ ആനുകൂല്യങ്ങളും 2025 ഡിസംബർ മാസം വരെ വിതരണം പൂർത്തി യാക്കിയിട്ടുണ്ട്.

നിലവിൽ ആനുകൂല്യങ്ങൾ ഒന്നും കുടിശ്ശികയില്ല.

**15. <u>കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളി പെൻഷൻ, കുടുംബ പെൻഷൻ, സാന്ത്വന പെൻഷൻ, ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെത്ത് തൊഴിലാളികളിൽ പ്രായാധിക്യം മൂലം പിരിയുന്നവരിൽ നിന്നും ഓരോ സാമ്പത്തിക വർഷത്തിലും, ജില്ലാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ സർവ്വീസുള്ളവർക്ക് 50,000/- രൂപ

നൽകി വരുന്നു. ഏറ്റവും കൂടുതൽ കള്ളളവ് / വേതനം ലഭിക്കുന്ന തെങ്ങ് / പന ചെത്ത് തൊഴിലാളികൾക്ക് ഓരോ സാമ്പത്തിക വർഷത്തിലും ജില്ലാടിസ്ഥാനത്തിൽ 50,000/- രൂപ വീതം നൽകി വരുന്നു.

കൂടാതെ പാലക്കാട് ജില്ലയിൽ മാത്രം ഏറ്റവും കൂടുതൽ കള്ള്/ വേതനം ലഭിക്കുന്ന കരിമ്പന ചെത്ത് തൊഴിലാളിക്ക് ഓരോ സാമ്പത്തിക വർഷത്തിലും 50,000/- രൂപ നൽകി വരുന്നു. അപകട ഇൻഷ്വറൻസ് പദ്ധതി (അന്ത്യോദയ ശ്രമിക് സുരക്ഷാ യോജന) വിവാഹധനസഹായം, സ്കോളർഷിപ്പ്, ലാപ്ടോപ്പ് നല്കുന്ന പദ്ധതി മരണാനന്തര ധനസഹായം അവശതാ ധനസഹായം .

നിലവിൽ ആനുകൂല്യങ്ങൾ ഒന്നും കുടിശ്ശികയില്ല.

## 16. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡിൽ അവശത പെൻഷൻ, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, റിട്ടയർമെന്റ് ആനുകൂല്യം, ചികിത്സാധനസഹായം, മരണാനന്തരാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം എന്നീ ആനുകൂല്യങ്ങൾ അനുവദിച്ച് വരുന്നു. നിലവിൽ ആനുകൂല്യങ്ങൾ 2025 ഡിസംബർ മാസം വരെ വിതരണം നടത്തിയിട്ടുണ്ട്.

നിലവിൽ ആനുകൂല്യങ്ങൾ ഒന്നും കുടിശ്ശികയില്ല.

സെക്ഷൻ ഓഫീസർ